**2025 ജനുവരി 23 ന് ഉച്ചക്ക് 12 മണിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന കില ഇരുപത്തിയെട്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ്**

കില എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർപേഴ്സണും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായ ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ് അധ്യക്ഷത വഹിച്ചു.

**ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)**

1. ശ്രീ സീറാം സാംബശിവ റാവു ഐ.എ.എസ്
   പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ഡോ. ദിനേശൻ ചെറുവാട്ട് ഐ.എ.എസ്
   ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണവകുപ്പ്
3. ശ്രീ സുബോധ്. എസ്,
   ജോയിൻറ് ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. ശ്രീ ശ്രീനി. ജി
   അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
5. ശ്രീ നിസാമുദ്ദീൻ. എ ഐ.എ.എസ്
   ഡയറക്ടർ ജനറൽ, കില

**തീരുമാനങ്ങൾ**

| |
|---|
| **ഐറ്റം നമ്പർ-1**<br>2024 ആഗസ്റ്റ് 19 ന് ഉച്ചക്ക് 12.00 മണിക്ക് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കിലയുടെ ഇരുപത്തിയേഴാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അറിവിലേക്കായി<br>**തീരുമാനം:**<br>**അംഗീകരിച്ചു.** |
| **ഐറ്റം നമ്പർ-2**<br>മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി റിപ്പോർട്ട്<br>**തീരുമാനം:**<br>**19.08.2024 ലെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനങ്ങളിൽ കൈക്കൊണ്ട നടപടികൾ കമ്മിറ്റി വിലയിരുത്തി തൃപ്തി രേഖപ്പെടുത്തി.** |
| **ഐറ്റം നമ്പർ-3**<br>2024-25 സാമ്പത്തിക വർഷത്തെ ചാർട്ടേഡ് അക്കൗണ്ടന്റ് നെ നിയോഗിക്കുന്നത്<br>**തീരുമാനം :**<br>**2024-25 സാമ്പത്തിക വർഷത്തെ കിലയുടെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് അംഗീകരിച്ച് റിപ്പോർട്ട് നൽകുന്നതിനുമായി M/s. Sasi Vijayan & Rajan ചാർട്ടേഡ് അക്കൗണ്ടന്റ് ഫേമിനെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ നിരക്കിൽ നിന്നും 5% ഉയർത്തി 92925 രൂപ (GST ഉൾപ്പടെ) നിരക്കിൽ നിയമിക്കുന്നതിന് തീരുമാനിച്ചു.** |

| |
|---|
| **ഐറ്റം നമ്പർ-4**<br>കില ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയും സാമ്പത്തിക അധികാരങ്ങളും<br>**തീരുമാനം :**<br>**a. കിലയിലെ ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് ഡയറക്ടർ ജനറൽ പുറപ്പെടുവിച്ച മാർഗ്ഗരേഖ സാധൂകരിച്ചു.**<br>**b. സാമ്പത്തിക അധികാരങ്ങൾ സംബന്ധിച്ച ശുപാർശ ഗവേർണിംഗ് കൗൺസിലിന്റെ അനുമതിയോടെ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.** |
| **ഐറ്റം നമ്പർ-5**<br>കില ജീവനക്കാരുടെ ഗ്രാറ്റ്വറ്റി ഫണ്ടിലെ ഗ്യാപ്പ് ഒഴിവാക്കൽ<br>**തീരുമാനം :**<br>**01.04.2013 ന് മുമ്പുള്ള നിയമപരമായി ഒടുക്കേണ്ടുന്ന തുക മുഴുവനായും ഒടുക്കുന്നതിന് തീരുമാനിച്ചു.**<br>**ഗ്രാറ്റ്വറ്റി ഫണ്ടിലെ ഗ്യാപ്പ് ഒഴുവാക്കുന്നുന്നത് സംബന്ധിച്ചുള്ള മറ്റ് വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.** |
| **ഐറ്റം നമ്പർ-6**<br>കില - ഐ.എസ്.ഒ 9001:2015 - തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള കൺസൽട്ടൻസി സർവ്വീസ് - പുതുക്കിയ പ്രൊപ്പോസൽ - സർക്കാർ ഇതര സ്ഥാപനങ്ങൾക്കുള്ള കൺസൽട്ടൻസി - അനുമതി<br>**തീരുമാനം :**<br>**തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഐ.എസ്.ഒ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നതിനും പുതുക്കുന്നതിനും നിലനിർത്തുന്നതിനുമായി തയ്യാറാക്കിയ പുതുക്കിയ പ്രൊപ്പോസൽ കമ്മിറ്റി അംഗീകരിച്ചു.**<br>**ഈ പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപങ്ങളുടെ നിർബന്ധിത പദ്ധതിയാക്കി ഉത്തരാവാകുന്നതിനു സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.**<br>**ഇതര സർക്കാർ സ്ഥാപനങ്ങൾക്കും സർക്കാരിതര സ്ഥാപനങ്ങൾക്കും ഐ.എസ്.ഒ കൺസൽട്ടൻസി സർവ്വീസ് നല്കുന്നതിനു തീരുമാനിച്ചു.**<br>**ഐ.എസ്.ഒ ഓഡിറ്റ് കൂടി കില ഏറ്റെടുത്ത് നടത്തുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ നടപിലാക്കുന്നതിന് തീരുമാനിച്ചു.** |
| **ഐറ്റം നമ്പർ-7**<br>കില ജീവനക്കാർക്കും പെൻഷൻകാർക്കും ക്ഷാമബത്ത/ക്ഷാമാശ്വാസം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ച നടപടിയുടെ സാധൂകരണം<br>**തീരുമാനം :**<br>**സാധൂകരിച്ചു.** |
| **ഐറ്റം നമ്പർ-8**<br>Overseer Electrical, Electrician cum AV Assistant, Plumber cum Campus Assistant എന്നീ തസ്തികകളിലേയ്ക്കുള്ള നിയമന നടപടികളുടെ സാധൂകരണം |

**തീരുമാനം :**

**നിയമനവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ സാധൂകരിച്ചു. നിയമന നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.**

**ഐറ്റം നമ്പർ–9**

ശ്രീമതി നഫല കെ. എം, പി.എസ് ടു ഡയറക്ടർ, കില സി.എച്ച്.ആർ.ഡി, കൊട്ടാരക്കരക്ക് ശമ്പള സ്കെയിൽ സംരക്ഷിച്ച് അനുവദിച്ച ഡയറക്ടർ ജനറലിന്റെ നടപടിയുടെ സാധൂകരണം.

**തീരുമാനം :**

**സാധൂകരിച്ചു.**

**ഐറ്റം നമ്പർ–10**

കിലയിൽ ഒഴിവുള്ള തസ്തികകളിലേയ്ക്കുള്ള നിയമനം

**തീരുമാനം :**

**ഒഴിവുള്ള തസ്തികകളിലേക്കുള്ള നിയമനം സംബന്ധിച്ച് തീരുമാനം പിന്നീട് കൈക്കൊള്ളുന്നതിനായി മാറ്റിവെച്ചു.**

**ഐറ്റം നമ്പർ–11**

കിലയിലെ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ ശമ്പള സ്കെയിൽ ഉയർത്തുന്നത് – സർക്കാർ ഉത്തരവ് പുനഃപരിശോധിക്കുന്നതിനുള്ള അപേക്ഷ

**തീരുമാനം :**

**പുനഃപരിശോധനക്കായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.**

**ഐറ്റം നമ്പർ–12**

കേരളാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്സ് അസ്സോസിയേഷൻ ഭാരവാഹികൾക്കായി നടത്തിയ പഠന സന്ദർശനവുമായി ബന്ധപ്പെട്ട ചെലവു തുക ലഭിക്കുന്നതിനു കില തളിപറമ്പ് ലക്ച്ചറർ ശ്രീ. ശിവപ്രസാദ്. കെ നൽകിയ അപേക്ഷ

**തീരുമാനം :**

**വിശദമായ ചർച്ച ചെയ്തു. മേലിൽ ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അധികം ചെലവായ തുകയുടെ 50% അനുവദിച്ചു നല്കുന്നതിന് തീരുമാനിച്ചു. കൂടാതെ ഈ വിഷയം പുനഃപരിശോധിക്കുന്നതിനായി വീണ്ടും സമർപ്പിക്കുവാൻ പാടില്ല എന്നും തീരുമാനിച്ചു.**

**ഐറ്റം നമ്പർ–13 (A മുതൽ D വരെ)**

കില – ഹെഡ് ക്വാർട്ടേഴ്സ് – താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ/തസ്തിക സൃഷ്ടിക്കൽ

A. കിലയിലെ ട്രെയിനിംഗ് കോഡിനേറ്റർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന് അപേക്ഷിച്ച് ശ്രീമതി. റിസ്മിയ ആർ.ഐ, സീനിയർ ട്രെയിനിംഗ് കോഡിനേറ്റർ സമർപ്പിച്ച അപേക്ഷ– സംബന്ധിച്ച്

**തീരുമാനം :**

**മാറ്റിവെച്ചു.**

B. കിലയിലെ ട്രെയിനിംഗ് കോഡിനേറ്റർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന് അപേക്ഷിച്ച് ശ്രീമതി. റിമ ജോസ്, സീനിയർ ട്രെയിനിംഗ് കോഡിനേറ്റർ സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്

**തീരുമാനം :**

**മാറ്റിവെച്ചു.**

C. കിലയിലെ ട്രെയിനിംഗ് കോഡിനേറ്റർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന് അപേക്ഷിച്ച് ശ്രീ. ഷൈജു എം, പ്രോഗ്രാം കോഡിനേറ്റർ സമർപ്പിച്ച അപേക്ഷ- സംബന്ധിച്ച്

**തീരുമാനം :**

**മാറ്റിവെച്ചു.**

D. കില ഹെഡ്ക്വാർട്ടേഴ്സിലെ ഐ.ടി വിഭാഗത്തിൽ Technical Assistant, System Analyst എന്നീ തസ്തികകൾ സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ -സംബന്ധിച്ച്

**തീരുമാനം :**

**മാറ്റിവെച്ചു.**

**ഐറ്റം നമ്പർ-14**

കിലയിൽ ഫാക്കൽറ്റി കോ-ഓർഡിനേഷൻ കമ്മിറ്റി, അക്കാദമിക് കൗൺസിൽ രൂപീകരിക്കുന്നത് - അനുമതി

**തീരുമാനം :**

**അംഗീകരിച്ചു.**

**ഐറ്റം നമ്പർ-15**

അസോസിയേറ്റ് പ്രൊഫസർ തസ്തികയുടെ പ്രൊമോഷൻ തസ്തികയായ Professor Decentralisation and Local Governance തസ്തികയിലേക്ക് നേരിട്ട് നിയമനം നടത്തുന്നതിന് പകരമായി യോഗ്യരായ കില യിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നല്കി നികത്തണമെന്ന് ഫാക്കൽറ്റികൾക്ക് വേണ്ടി ഡോ. അജിത് കാളിയത്ത് നല്കിയ നിവേദനം - തീരുമാനം എടുക്കുന്നത് - സംബന്ധിച്ച്

**തീരുമാനം :**

**വിഷയത്തിൽ സർക്കാർ നിയമവകുപ്പിന്റെ നിയമോപദേശം തേടിയ ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.**

**ഐറ്റം നമ്പർ-16**

കില-സി.എച്ച്.ആർ.ഡി

ഭരണഘടന സാക്ഷരത - കില-സി.എച്ച്.ആർ.ഡി ആസ്ഥാനമാക്കി ഡോ.ബി.ആർ. അംബേദ്കർ ചെയർ ആരംഭിക്കുന്നതിനുള്ള അനുമതി

**തീരുമാനം :**

**തത്വത്തിൽ അംഗീകരിച്ചു. വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.**

**ഐറ്റം നമ്പർ-17 (A മുതൽ B വരെ)**

A) കില-ഐ.പി.പി.എൽ-തളിപ്പറമ്പ് - ഫുൾ ടൈം ഫാക്കൽറ്റി കരാർ നിയമനം

**തീരുമാനം :**

**അംഗീകരിച്ചു.**

B) കില-ഐ.പി.പി.എൽ കോളേജിലെ ആദ്യ ബാച്ചിന് പ്ലയ്സ്മെന്റ്

**തീരുമാനം :**

**കില നടപ്പാക്കുന്ന വിവിധ പ്രോജക്ടുകളിലും തത്തുല്യമായ കിലയിലെ മറ്റ് തസ്തികകളിലും മിനിമം യോഗ്യതയായി ടി യോഗ്യതകൾ കൂടി ഉൾപ്പെടുത്തുന്നതിനും മത്സരാടിസ്ഥാനത്തിൽ അവസരം നല്കുന്നതിനും തീരുമാനിച്ചു.**

**ഐറ്റം നമ്പർ-18**

കില കിഫ്ബി - പദ്ധതി നിർവ്വഹണം സംബന്ധിച്ച റിപ്പോർട്ട്

**തീരുമാനം :**

**റിപ്പോർട്ട് വിലയിരുത്തി. പ്രവർത്തനങ്ങളിൽ തൃപ്തി രേഖപ്പെടുത്തി.**

**ഐറ്റം നമ്പർ-19**

കേരളത്തിൽ ദുരന്തനിവാരണ-ദുരന്തസാധ്യത ലഘൂകരണ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി കൈവരിക്കുന്നതിനായി ഏഷ്യൻ ഡിസാസ്റ്റർ പ്രിപ്പയർഡ്നെസ് സെന്ററും (ADPC) യും KILA യും KSDMA യും, ചേർന്ന് ഒരു ത്രികക്ഷി ധാരണാപത്രം / കരാർ ഉടങ്ങുന്നതിനും, ടി പദ്ധതിക്കായി ലഭിക്കുന്ന തുക ക്രയവിക്രയം ചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച്

**തീരുമാനം :**

**അംഗീകരിച്ചു. ത്രികക്ഷി ധാരണാപത്രം ഒപ്പുവെക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു.**

**ഐറ്റം നമ്പർ-20**

അദ്ധ്യക്ഷ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ

**തീരുമാനം :**

**മറ്റ് വിഷയങ്ങളൊന്നും പരിഗണനക്ക് വന്നില്ല.**

യോഗം 1.30 PM ന് അവസാനിച്ചു

ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ്
ചെയർപേഴ്സൺ, കില എക്സിക്യൂട്ടിവ് കമ്മിറ്റി &
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്